## കേരള കാർഷിക സർവ്വകലാശാല
## അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ

നം.എ.ആർ.എസ്/ബി/582/13 ചാലക്കുടി തിയ്യതി : 16.10.2024

**<u>ക്വട്ടേഷൻ നോട്ടീസ്</u>**

കേരള കാർഷിക സർവ്വകലാശാല അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ ചാലക്കുടി, പ്രൊഫസറുടെ ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത്.

ഈ സ്റ്റേഷനിൽ നിന്ന് ആവശ്യമായ ഔദ്യോഗിക യാത്രകൾക്ക് പാസഞ്ചർ വാഹനങ്ങൾ (AC) ( 5 seated Maruthi Dzire, Etios/ Bolero/ and 7 seated Innova /Scorpio/ Ertiga/ / Triber) ഒരു വർഷകാലയളവിലേക്ക് ഡ്രൈവറുടെ സേവനം ഉൾപ്പെടെ വാടകയ്ക്ക് നൽകുന്നതിന് താല്പര്യം ഉള്ള വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷനുകൾ മുദ്രകവറിൽ ക്ഷണിച്ചു കൊള്ളുന്നു.

**നിബന്ധനകൾ**

1. ക്വട്ടേഷനിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ ഇതൊടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ഫാറത്തിൽ ആവശ്യമായ വിവരങ്ങൾ പൂരിപ്പിച്ച് സീൽ ചെയ്ത കവറിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ നിരതദ്രവ്യമായി 1000/- രൂപ ഓഫീസിൽ അടക്കേണ്ടതാണ്. ടി തുക ക്വട്ടേഷൻ കാലാവധി തീരുന്ന മുറക്ക് മടക്കി നൽകുന്നതാണ്.

2. 10 വർഷത്തിൽ അധികം പഴക്കമില്ലാത്ത വാഹനം ആയിരിക്കണം.

3. ക്വട്ടേഷനിൽ ഒരു കിലോമീറ്റർ ദൂരം ഓട്ടുന്നതിനുള്ള നിരക്കും, മിനിമം ചാർജിൽ എത്ര കിലോമീറ്റർ ഓടാമെന്ന വിവരവും ഓരോ ഇനം വാഹനത്തിനും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

4. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ ലൈസൻസിൻറെ പകർപ്പ്, വാഹനത്ത ആർ.സി ബുക്കിന്റെ പകർപ്പ് എന്നിവ ക്വട്ടേഷനോടൊപ്പം ഹാജരാക്കേണ്ടതാണ്.

5. വെയിറ്റിംഗ് ചാർജ്ജ് ഉണ്ടെങ്കിൽ ആയതിന്റെ നിരക്ക് മണിക്കൂറിൽ എത്രയാണെന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ( ഒരു ദിവസം പരമാവധി 500/- രൂപ മാത്രം).

6 ട്രിപ്പിനിടയിൽ അംഗികൃത ടോൾ കൊടുക്കേണ്ടി വരുന്ന പക്ഷം അത് കരാറുകാരൻ തന്നെ നൽകേണ്ടതാണ്. ആയതിൻറെ രസീതി വൗച്ചർ/ഇൻവോയ്സിനോടൊപ്പം സമർപ്പിക്കുന്ന പക്ഷം പ്രസ്തുത തുക വാടകയോടൊപ്പം നൽകുന്നതായിരിക്കും.

7. മാസത്തിൽ ഒരിക്കൽ എങ്കിലും വൗച്ചർ/ഇൻവോയ്സ് സമർപ്പിക്കേണ്ടതാണ്. യാതൊരു കാരണവശാലും മുൻകൂർ പണം അനുവദിക്കുന്നതല്ല.

8. വാഹനം ആവശ്യപ്പെടുന്ന ദിവസം ഹ്രസ്വദൂരയാത്രയെന്നോ, ദീർഘദൂരയാത്രയെന്നോ വ്യത്യാസമില്ലാതെ കൃത്യസമയത്തിനു തന്നെ നിർദ്ദിഷ്ട സ്ഥലത്ത് കൊണ്ടുവരേണ്ടതാണ്. അല്ലാത്ത പക്ഷം നിരതദ്രവം സർവകലാശാലയിലേക്ക് മുതൽ കൂട്ടുന്നതാണ്.

9. ഈ സ്റ്റേഷനിലെ ഔദ്യോഗിക കാര്യങ്ങൾക്കായി വാഹനം ഓടുമ്പോൾ പ്രസ്തുത ജോലി ഏറ്റെടുക്കുന്ന ആൾക്കോ വാഹനത്തിനോ ജോലിക്കിടയിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കോ, അറ്റകുറ്റപണികൾക്കോ മറ്റു തകരാറുകൾക്കോ കേരള കാർഷിക സർവ്വകലാശാലയ്ക്ക് യാതൊരുവിധ ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.

10 ഡ്രൈവറിന് ടി എ, ഡിഎ മറ്റു ബത്തകളോ യൂണിവേഴ്സിറ്റിയുടെ മറ്റ് ആനുകൂല്യങ്ങൾക്കോ അർഹതയുണ്ടായിരിക്കുന്നതല്ല.

11 വാഹനങ്ങൾക്ക് ബാധ്യതയുള്ള കേരള രജിസ്ട്രേഷൻ, ഇൻഷുറൻസ് കവറേജ് മുതലായവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

12 ഉൾനാടൻ പ്രദേശങ്ങളിലെ കൃഷിയിടങ്ങളിൽ സഞ്ചരിക്കുവാൻ ക്ഷമതയുള്ള വാഹനമായിരിക്കണം.

ക്വട്ടേഷന്റെ കവറിനു പുറത്ത് "വാഹനങ്ങൾ വാടകയ്ക്ക് ഓടുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തി പ്രൊഫസർ & ഹെഡ്, അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ , ചാലക്കുടി എന്ന വിലാസത്തിൽ 25.10.2024-ന് ഉച്ച കഴിഞ്ഞ് 3.30 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ്. അന്നേ ദിവസം 4 മണിക്ക് സന്നിഹിതമായിരിക്കുന്ന ക്വട്ടേഷണർമാരുടെയോ, അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ ക്വട്ടേഷൻ തുറക്കുന്നതാണ്. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന ക്വട്ടേഷൻ സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതാണ്. ക്വട്ടേഷൻ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പരമാധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

സർക്കാർ ക്വട്ടേഷനിലെ എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവൃത്തി സമയത്ത് കേന്ദ്രത്തിൽ നേരിട്ടോ 0480-2702116 എന്ന ടെലിഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

(ഒപ്പ്/-)

**ഡോ.മിനി അബ്രഹാം,**
**പ്രൊഫസർ & ഹെഡ്**

കോപ്പി :

1. നോട്ടീസ് ബോർഡ്, എ.ആർ എസ്, ചാലക്കുടി
2. ചാലക്കുടി ടാക്സിസ്റ്റാന്റ്/ ബസ് സ്റ്റാന്റ്
3. താലൂക്ക് ഓഫീസ്, ചാലക്കുടി
4. മാർക്കറ്റ് ബിൽഡിംഗ്, ചാലക്കുടി
5. ബ്ലോക്ക് ഓഫീസ്, ചാലക്കുടി.
6. കെഎയു , വെബ് സൈറ്റ്

## <u>വാഹനം  വാടകയ്ക്ക് തരുന്നതിനുള്ള ക്വട്ടേഷൻ</u>

എ.ആർ.എസ്/ബി/582/13

കരാറിന്റെ കാലയളവ് : 01.11.2024 മുതൽ ഒരു വർഷം

| | | സീറ്റ് 5 | സീറ്റ് 7 |
|---|---|---|---|
| 1 | റണ്ണിംഗ് കിലോമീറ്റർ നിരക്ക് | | |
| 2 | മിനിമം നിരക്ക് | | |
| 3 | വെയിറ്റിംഗ് ചാർജ്ജ് നിരക്ക് (മണിക്കൂറിന് ) | | |
| 4 | ക്വട്ടേഷനറുടെ പേര് | | |
| 5 | ക്വട്ടേഷനറുടെ പൂർണവിലാസം | | |
| 6 | മൊബൈൽ നമ്പർ | | |

## <u>സത്യപ്രസ്താവന</u>

ഞാൻ .................................................................. അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ,ചാലക്കുടിക്ക് ആവശ്യമായ ഔദ്യോഗിക യാത്രകൾക്ക് പാസഞ്ചർ വാഹനങ്ങൾ ക്വട്ടേഷൻ ലഭിക്കുന്ന പക്ഷം 16.10.2024 തിയ്യതിയിലെ എ.ആർ.എസ്/ബി/582/13 നമ്പർ ക്വട്ടേഷൻ നോട്ടീസിലെ വ്യവസ്ഥകൾക്കും, സർക്കാർ നിബന്ധനകൾക്കും വിധേയമായി ലഭ്യമാക്കാമെന്ന് ഇതിനാൽ ഉറപ്പുനൽകുന്നു.

എന്ന്